**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ 9,10 ക് ളാസ്സുകളിൽ 2017-18 അധ്യയന വർഷം അദ്ധ്യാപക -വിദ്യാർത്ഥി അനുപാതം 1:40 ആയി കുറച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ(എം എസ്) നം.80/2017/പൊവിവ** **തീയതി, തിരുവനന്തപുരം 18/07/2017**

---

പരാമർശം:-13-6-2017 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്(2)/34017/2017/ഡിപിഐ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ (സർക്കാർ/എയ്ഡഡ്) 9,10 ക് ളാസ്സുകളിൽ 2017-18 വർഷം നിയമനാംഗീകാരമുള്ള അദ്ധ്യാപകർ തസ്തികനഷ്ടം സംഭവിച്ച് പുറത്താകുന്നത് ഒഴിവാക്കുന്നതിന് വേണ്ടി മാത്രം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ക് ളാസ്സുകളിലെ അദ്ധ്യാപക -വിദ്യാർത്ഥി അനുപാതം 1:40 ആയി കുറച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. 2017-18 വർഷം തസ്തികനഷ്ടം സംഭവിച്ച് പുറത്താകുന്ന, നിയമനാംഗീകാരമുള്ള ഹൈസ് കൂൾ അസ്സിസ്റ്റന്റുമാരെ നിലനിർത്തുന്നതിനായാണ് മേൽപ്പറഞ്ഞ രീതിയിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ചിട്ടുള്ളത്. ഇതിനകം പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരെ മാതൃ വിദ്യാലയത്തിലേക്ക് തിരികെ വിളിയ്ക്കുന്നതിനും ഈ അനുപാതം ഉപയോഗിയ്ക്കാവുന്നതാണ്.
2. അനുപാതം കുറച്ച് സംരക്ഷണം നൽകിയിട്ടുള്ള അദ്ധ്യാപകരെ അവരുടെ കാറ്റഗറിയിൽ തൊട്ടടുത്ത് വരുന്ന ഒഴിവിൽത്തന്നെ ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം സംരക്ഷണം നൽകിയിട്ടുള്ള അദ്ധ്യാപകർ നിലനിൽക്കുമ്പോൾ അവരുടെ കാറ്റഗറിയിൽ സ്ഥിരമായോ താൽക്കാലികമായോ ഉണ്ടാകുന്ന ഒഴിവുകളിൽ പുതിയ നിയമനം നടത്താൻ പാടില്ല
3. അനുപാതം കുറയ്ക്കുന്നതിലൂടെ സ് കൂളുകളിൽ അധിക തസ്തികകൾ സൃഷ്ടിച്ച് പുതിയ നിയമനം യാതൊരു കാരണവശാലും നടത്താൻ പാടില്ല.

....(2)

4. ഇപ്രകാരം സംരക്ഷണം അനുവദിക്കുമ്പോൾ ഹൈസ് കൂൾ അസ്സിസ്റ്റന്റിന്റെ (കോർ സബ്ജക്ട്) കാര്യത്തിൽ നിർദ്ദിഷ്ട വിഷയാനുപാതം കർശനമായും പാലിച്ചിരിക്കണം.

5. ഭാഷാദ്ധ്യാപകരെ നിലനിർത്തുന്നതിനും മേൽപ്പറഞ്ഞ അനുപാതം ഉപയോഗിയ്ക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മധു. കെ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, ഐ ടി @സ് കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ